**Focus Area Based** **Test -06**

# SSLC TOP TEST SERIES

## Social Science

## (Type - A)

**Std. 10** **Time : 45 Mnts** **Score : 20**

(ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ, ഋതുഭേദങ്ങളും സമയവും)

നിർദ്ദേശങ്ങൾ
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 2 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം** **(2 x 1 = 2)**

1. ഗ്രീഷ്മകാലത്തിനും ശൈത്യകാലത്തിനും ഇടയ്ക്കുള്ള കാലമേത്?
2. 'ടെന്നീസ് കോർട്ട് പ്രതിജ്ഞ' ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?

**3 മുതൽ 5 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(2 x 2 = 4)**

3. സ്റ്റാന്റേർഡ് സമയം എന്നാലെന്ത്? ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്?
4. കോണ്ടിനന്റൽ കോൺഗ്രസിനെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
5. ഗ്രീനിച്ച് രേഖയെ പ്രൈംമെറീഡിയൻ എന്നു വിളിക്കുന്നതെന്തുകൊണ്ട്?

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 x 3 = 9)**

6. മെർക്കന്റലിസ്റ്റ് നിയമങ്ങൾ മുഖേന അമേരിക്കൻ കോളനികളുടെ കച്ചവടത്തേയും വാണിജ്യത്തെയും ബ്രിട്ടീഷുകാർ നിയന്ത്രിച്ച് എങ്ങനെയെന്ന് വിശദമാക്കുക.
7. സൂര്യന്റെ ആപേക്ഷികചലനം സൂചിപ്പിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| കാലയളവ് | ആപേക്ഷികചലനം |
|---|---|
| ജൂൺ 21 മുതൽ സെപ്തംബർ 23 വരെ | ................എ........... |
| .............ബി................ | ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ............സി................. |

8. ഒക്ടോബർ വിപ്ലവത്തിന് റഷ്യയുടെ ചരിത്രത്തിലുള്ള പ്രാധാന്യം വിശദമാക്കുക?
9. അന്താരാഷ്ട്ര ദിനാങ്കരേഖയെ അടിസ്ഥാനമാക്കി താഴെപറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

എ. അന്താരാഷ്ട്ര ദിനാങ്കരേഖ എന്നാൽ എന്ത്?

ബി. ഈ രേഖയ്ക്ക് രേഖാംശരേഖകളിൽ നിന്നുള്ള വ്യത്യാസമെന്ത്?

**താഴെ കൊടുത്തിരിക്കുന്ന ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **5 സ്കോർ**

10. ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലം ചുവടെ നൽകുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.
    - ഭരണാധികാരികളുടെ സ്വേഛാധിപത്യനയങ്ങൾ
    - ദുരിതപൂർണമായ ജനജീവിതം
    - ചിന്തകന്മാരും ആശയങ്ങളും
11. അയനാന്തദിനങ്ങളും വിഷുവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് വിശദമാക്കുക.

## Type - B

**1 മുതൽ 2 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം** **(2 x 1 = 2)**

1. ഉഷ്ണകാലത്തിനും ശൈത്യകാലത്തിനുമിടയിലെ രണ്ട് പരിവർത്തനകാലങ്ങൾ ഏതെല്ലാം?
2. 'മനുഷ്യന് ചില അവകാശങ്ങളുണ്ട്, അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല'. ഇത് ആരുടെ വാക്കുകളാണ്?

   (മൊണ്ടസ്ക്യൂ, വോൾട്ടയർ, ജോൺലോക്ക്)
3. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം തിങ്കളാഴ്ച രാവിലെ 8 മണിയായിരിക്കുമ്പോൾ ഗ്രീനിച്ച് രേഖാംശത്തിലെ സമയം എത്രയായിരിക്കും?



*(P.T.O.)*

4. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ഏത് വിപ്ലവുമായി ബന്ധപ്പെട്ടിരിക്കുന്നു? **2**

എ. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

ബി. പ്രാതിനിധ്യമില്ലാതെ നികുതിയില്ല

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3 x 3 = 9)**

5. താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

| ദിനം | സൂര്യന്റെ ആപേക്ഷികസ്ഥാനം | ഈ ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | ..........ഡി................ |
| ജൂൺ 21 | .........എ.......... | ............ഇ.............. |
| ..........ബി.......... | ഭൂമധ്യരേഖ | വിഷുവം |
| ഡിസംബർ 22 | .............സി........... | ............എഫ്............ |

6. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ സവിശേഷതകളെക്കുറിച്ച് വിശദമാക്കുക?

7. ഫ്രഞ്ച് വിപ്ലവം പിൽക്കാല ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക.

8. മെർക്കന്റലിസത്തിന്റെ ഭാഗമായി നിരവധി നിയമങ്ങൾ ഇംഗ്ലീഷുകാർ അമേരിക്കൻ കോളനികൾ നടപ്പാക്കി. അവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. 5 സ്കോർ

9. ഫെബ്രുവരി വിപ്ലവും ഒക്ടോബർ വിപ്ലവും സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിലേക്ക് നയിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

10. സ്റ്റാൻഡേർഡ് സമയം, ഗ്രീനിച്ച് സമയം എന്നിവ എന്തെന്ന് വ്യക്തമാക്കുക? ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്?

# Type - C

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

1. അമേരിക്കയുടെ ആദ്യ പ്രസിഡന്റ് ആരാണ്? **1**
2. ശൈത്യകാലത്തിനും ഗ്രീഷ്മകാലത്തിനും ഇടയ്ക്കുള്ള കാലം **1**
3. ടെന്നീസ് കോർട്ട് പ്രതിജ്ഞയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക **2**
4. പ്രാദേശികസമയം എന്നാലെന്ത്? **2**

**5 മുതൽ 8 വരെയുള്ള ഏതെങ്കിലും 3 ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3 x 3 = 9)**

5. സോവിയറ്റ് യൂണിയനിൽ ഒക്ടോബർ വിപ്ലവത്തിനുശേഷം ലെനിൻ അധ്യക്ഷനായ കാബിനറ്റ് സ്വീകരിച്ച നടപടികളേവ?

6. ശൈത്യ അയനാന്തദിനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

7. എ കോളത്തിന് അനുയോജ്യമായവ ബി കോളത്തിൽനിന്ന് കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| തോമസ് പെയിൻ | ഫ്രഞ്ച് വിപ്ലവം |
| അലക്സാണ്ടർ കെറൻസ്കി | കോമൺസെൻസ് |
| റൂസ്സോ | ഫെബ്രുവരി വിപ്ലവം |

8. ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം എന്നിവ എന്താണെന്ന് വ്യക്തമാക്കുക?

**താഴെക്കൊടുത്തിരിക്കുന്ന ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. 5 സ്കോർ**

9. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ച് വിശദമാക്കുക

10. അന്താരാഷ്ട്ര ദിനാങ്കരേഖയെ അടിസ്ഥാനമാക്കി താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

അന്താരാഷ്ട്ര ദിനാങ്കരേഖ എന്നാൽ എന്ത്?

ഈ രേഖയ്ക്ക് മറ്റ് രേഖാംശങ്ങളിൽ നിന്നുള്ള വ്യത്യാസവും അതിനുള്ള കാരണവും വ്യക്തമാക്കുക?

**Focus Area Based**

# SSLC TOP TEST SERIES

**Test -15**

## Social Science

**Std. 10**

## (Type - A)

**Time : 45 Mnts**
**Score : 20**

(സമരവും സ്വാതന്ത്ര്യവും, പൊതുഭരണം
മാനവവിഭവശേഷി വികസനം ഇന്ത്യയിൽ)

നിർദ്ദേശങ്ങൾ

- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 4 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക.**

1. നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം ഏത്? **1**
2. ആറ് വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയേത്? **1**
3. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള പ്രയോജനങ്ങളേവ? **2**
4. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം? **2**

**5 മുതൽ 8 വരെയുള്ള ഏതെങ്കിലും 3 ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3x3 = 9)**

5. ഉപ്പിനെ ഒരു സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം?
6. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക?
7. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്കിനെക്കുറിച്ച് വിശദമാക്കുക?
8. മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. 5 സ്കോർ (1x5 = 5)**

9. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന രണ്ട് സമരങ്ങളാണ് കൊടുത്തിരിക്കുന്നത്. വിശദമാക്കുക?
   - നിസ്സഹകരണസമരം
   - ക്വിറ്റ് ഇന്ത്യാസമരം
10. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകളെക്കുറിച്ച് വിശദമാക്കുക.

## Type - B

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം**

1. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ അവസാനത്തെ ബഹുജനസമരം ഏതാണ്? **1**
2. കേന്ദ്രസർവ്വീസിലേക്കും സംസ്ഥാന സർവ്വീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളേതെല്ലം? **1**
3. ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം സഞ്ചരിച്ച് ഇന്ത്യയിലുടനീളം ആശയപ്രചരണം നടത്തിയതിന്റെ ഉദ്ദേശ്യമെന്തായിരുന്നു? **2**
4. ഇ-ഗവേണൻസ് എന്നാലെന്ത്? **2**

**5 മുതൽ 8 വരെയുള്ള ഏതെങ്കിലും 3 ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3x3 = 9)**

5. ഇന്ത്യൻ സിവിൽ സർവീസിന്റെ ഘടനയെക്കുറിച്ച് വിശദമാക്കുക.
6. മാനവ വിഭവശേഷി വികസനത്തിന്റെ വ്യത്യസ്ത തലങ്ങൾ വിശദീകരിക്കുക.
7. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്രബോസിന്റെ പങ്ക് വിശദമാക്കുക.
8. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. 5 സ്കോർ (1x5 = 5)**

9. 'മാനവവിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്കി' നെക്കുറിച്ച് വിശദമാക്കുക.
10. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ദേശീയ പ്രക്ഷോഭങ്ങൾ വിശദമാക്കുക.

*(P.T.O.)*

# Type - C

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാനെ നിയമിക്കുന്നത് ആരാണ്? **1**

എ. പ്രധാനമന്ത്രി ബി. രാഷ്ട്രപതി സി. ഉപരാഷ്ട്രപതി

2. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ പ്രാദേശിക സമരം ഏതാണ്? **1**
3. ആരോഗ്യപരിപാലനത്തിനായി വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളെതേല്ലാം?

- ജില്ലാ ആശുപത്രികൾ **2**
- 
- 

4. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1929 ൽ നടന്ന ലാഹോർ സമ്മേളനത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു? **2**

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം** **(3x3 = 9)**

5. പൊതുഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക?

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
- 
- 
- 

6. തെരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക എന്നത് നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളിൽ ഒന്നായിരുന്നു. മറ്റ് സവിശേഷതകൾ എന്തെല്ലാം?
7. എ കോളത്തിന് അനുയോജ്യമായവ ബി കോളത്തിൽനിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| കേന്ദ്രസർവ്വീസ് | ഇന്ത്യൻ പോലീസ് സർവീസ് |
| സംസ്ഥാനസർവീസ് | ഇന്ത്യൻ റെയിൽവേ സർവീസ് |
| അഖിലേന്ത്യാസർവീസ് | സെയിൽസ് ടാക്സ് |

8. വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നതെങ്ങനെ?

- വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. 5 സ്കോർ**

9. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകളെക്കുറിച്ച് വിശദമാക്കുക
10. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന രണ്ട് സമരങ്ങളാണ് കൊടുത്തിരിക്കുന്നത്. വിശദമാക്കുക.

- സിവിൽ നിയമലംഘന സമരം
- ക്വിറ്റ് ഇന്ത്യാ സമരം

Test -23

Focus Area Based

# SSLC TOP TEST SERIES

## Social Science

**Std. 10** **(Type - A)** Time : 45 Mnts Score : 20

(സ്വാതന്ത്ര്യാനന്തര ഇന്ത്യ, വൈവിധ്യങ്ങളുടെ ഇന്ത്യ)

നിർദ്ദേശങ്ങൾ
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഏഴ് മിനിട്ട് സമാശ്വാസ സമയമായി കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.**

1. ഏറ്റവും നീളം കൂടിയ ഉപദ്വിപീയ നദിയേതാണ്? **1**
2. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പി ആരാണ്? **1**
3. ഉപദ്വിപീയ പീഠഭൂമിയുടെ ഭാഗമായ പ്രധാന പർവതനിരകൾ ഏതെല്ലാം? **2**
4. സ്വാതന്ത്ര്യ ഇന്ത്യയിലെ രണ്ട് ശാസ്ത്ര ഗവേഷണസ്ഥാപനങ്ങളുടെ പേരെഴുതുക? **2**

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3 x 3 = 9)**

5. 1986 ലെ ദേശീയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്ന പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാം?
6. പഞ്ചശീല തത്വങ്ങൾ ഒപ്പിട്ട നേതാക്കൾ ആരൊക്കെയായിരുന്നു? അതിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാന തത്വങ്ങൾ എന്തെല്ലാം?
7. പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം എന്നിവയുടെ സവിശേഷതകൾ വിശദീകരിക്കുക.
8. ചുവടെ കൊടുത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.
   a. കൃഷ്ണാനദി b. കിഴക്കൻ മലനിരകൾ
   c. മാൾവാ പീഠഭൂമി

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **5 സ്കോർ**

9. നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വതന്ത്ര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികളിൽ ഒന്നായിരുന്നു. ഈ വെല്ലുവിളി തരണം ചെയ്യാൻ ഇന്ത്യയ്ക്ക് സാധിച്ചതെങ്ങനെ? വിശദമാക്കുക?
10. ഹിമാലയൻ നദികളുടെയും ഉപദ്വിപീയ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

## Type - B

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

1. ചുവടെ നൽകിയിട്ടുള്ളവയിൽ കാവേരി നദിയുടെ പോഷകനദിയേത്? **1**
   a. ശബരി b. ഭീമ
   c. കബനി d. ഇബ്
2. പഞ്ചശീലതത്വങ്ങൾ ഒപ്പിട്ട നേതാക്കളുടെ പേരെഴുതുക? **1**
3. ഡോ. രാധാകൃഷ്ണൻ കമ്മീഷന്റെ പ്രധാന ശുപാർശികൾ എന്തെല്ലാം? **2**
4. ട്രാൻസ് ഹിമാലയത്തെപ്പറ്റി ഒരു കുറിപ്പെഴുതുക **2**

**5 മുതൽ 8 വരെയുള്ള ഏതെങ്കിലും 3 ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3 x 3 = 9)**

5. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര - സാങ്കേതിക രംഗത്ത് കൈവരിച്ച മുന്നേറ്റങ്ങൾ വിശദമാക്കുക?
6. കിഴക്കൻ തീരസമതലത്തിന്റെ സവിശേഷതകൾ വിശദമാക്കുക

*(P.T.O.)*

7. ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനവുമായി ബന്ധപ്പെട്ട ലയനക്കരാർ എന്തെന്ന് വ്യക്തമാക്കുക? അത് തയ്യാറാക്കിയ വ്യക്തികളുടെ പേരെഴുതുക.

8. ചുവടെ കൊടുത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

a. ആരവല്ലിപർവതം b. നർമ്മദാനദി c. ഡക്കാൺപീഠഭൂമി

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. 5 സ്കോർ (1 x 5 = 5)**

9. ഇന്ത്യയിലൂടെ ഒഴുകുന്ന പ്രധാന ഹിമാലയൻ നദികൾ ഏതെല്ലാം? അവയുടെ സവിശേഷതകൾ വിശദമാക്കുക.

10. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്വങ്ങളെക്കുറിച്ച് വിശദമാക്കുക.

# Type - C

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

1. ഉപദ്വിപീയ പീഠഭൂമിയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയേത്? **1**

2. 1953 ൽ പഞ്ചശീല തത്വങ്ങൾ ഒപ്പിട്ട നേതാക്കൾ ആരെല്ലാം? **1**

3. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ഏതെല്ലാം? **2**

- ഡോ. രാധാകൃഷ്ണൻ കമ്മീഷൻ
- 
- 

4. ഉപദ്വിപീയ പീഠഭൂമിയിലെ പ്രധാന മണ്ണിനങ്ങൾ ഏതെല്ലാം? **2**

ലാറ്ററൈറ്റ് മണ്ണ്

**5 മുതൽ 8 വരെയുള്ള ഏതെങ്കിലും 3 ചോദ്യത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (3 x 3 = 9)**

5. ഉത്തര മഹാസമതലത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?

6. 1986 ലെ ദേശീയ വിദ്യാഭ്യാസനയം മുന്നോട്ട് വയ്ക്കുന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?

7. പട്ടിക പൂർത്തിയാക്കുക.

| നദി | ഉത്ഭവം | പോഷകനദികൾ |
|---|---|---|
| മഹാനദി | (എ) | ഇബ് |
| (ബി) | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ | കബനി |
| ഗോദാവരി | പശ്ചിമഘട്ടം | (സി) |

8. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക.

എ. കാവേരി നദി ബി. വിന്ധ്യാപർവതം

സി. ചോട്ടാനാഗ്പൂർ പീഠഭൂമി

**താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക. 5 സ്കോർ (1 x 5 = 5)**

9. ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭഭായ് പട്ടേലിന്റെ പങ്കിനെക്കുറിച്ച് വിശദമാക്കുക.

10. ഹിമാലയൻ നദികളുടെയും ഉപദ്വിപീയ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.